HON'BLE MR. A. ATCHUTHAN : ഇപ്പോൾ എത്ര ബസ്സുകൾ ഓടുന്നുവെന്നു പറയാൻ നിവൃത്തിയില്ല. ആവശ്യമെന്നു തോന്നുന്ന പക്ഷം കൂടുതൽ ബസ്സുകൾ ഓടാൻ അനുവദിക്കുന്നതാണ്.

MR. P. T. CHACKO *(Kottayam II—General)*: പുതിയ ബസ്സുകൾ ഓടിക്കാനുള്ള അപേക്ഷകൾ വരുകയാണെങ്കിൽ അനുവദിക്കുമോ ?

HON'BLE MR. A. ATCHUTHAN : അങ്ങനെ വരുന്ന സമയത്ത് ആലോചിക്കുന്നതാണ്.

MR. P. M. VARGHESE : അവിടെ ഇപ്പോൾ ബസ്സ് സർവീസ്സ് ഉണ്ടോ ?

HON'BLE MR. A. ATCHUTHAN : അറിവില്ല.

MR. U. K. VASUDEVAN ASARI *(Kottayam III—Kammala)*: അവിടെ മുമ്പ് ഒരു കമ്പനിക്കാർ ബസ്സ് സർവീസ് നടത്തുകയും അവർ ഇപ്പോൾ നടത്താതിരിക്കുകയും ചെയ്യുന്നതായിട്ടറിയാമോ ?

HON'BLE MR. A. ATCHUTHAN : അറിവില്ല.

MR. ABDUL AZIZ *(Trivandrum I—Muslim)*: പുതിയ റൂട്ട് തുടങ്ങാൻ പോകയാണെന്നു പറയുവല്ലോ. അതു് എപ്പോഴാണെന്നു പറയാമോ ?

HON'BLE MR. A. ATCHUTHAN : കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

State Transport.

6. MR. G. NILAKANTAN *(Quilon III—Kammala)*: Will the Honourable Minister for Transport be pleased to state :

(*a*) the daily wage rates paid to artisan workmen employed in the State Transport Deprartment; and

(*b*) whether the Government are aware that the artisans employed in private firms like Messrs. Harrisons and Crosfield Ltd., are raised to the position of foremen and engineers according to their efficiency and service in disregard of their educational qualifications ?

HON'BLE MR. A. ATCHUTHAN : (എ) ഫ ക്ലാസ്സ് ഫ ര ചക്രം മുതൽ ഫ ക്ലാസ്സ് ഫ ചക്രം വരെയാണ് ഇപ്പോഴുള്ള കൂലി നിരക്ക്.

(ബി) ഗവണ്മെൻറിന് അതേപ്പറ്റി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. G. NILAKALNTAN : ഈതേപ്പറ്റി ഞാനേഷിക്കാമോ ?

HON'BLE MR. A. ATCHUTHAN . ഞാനേഷിക്കാം.

Supply of drugs.

7. MR. G. NILAKANTAN : Will the Honourable Minister for Medicine be pleased to state whether it is a fact that in the indents submitted by the medical department provision is not made for adequate supply of drugs required for modern treatment of diseases and that in consequence the poorclass patients who resort to Government hospitals are obliged to supply themselves with such drugs at their cost ?

HON'BLE MR. G. RAMACHANDRAN : Special drugs such as M & B, Cibazol, Insulin, Penicillin etc. are not ordinarily supplied to all medical institutions of the State. They are supslied only to the major medical institutions. These medicines would not be generally prescribed and given to out-petients as these may cause toxic symptoms.

MR. R. SANKAR (*Quilon IV—General*) : Do these major institutions include District Hospitals.

HON'BLE MR. G. RAMACHANDRAN : Yes.

MR. G. NILAKANTAN : Are the Government aware that the people are put to too much difficulty ?

HON'BLE MR. G. RAMACHANDRAN : Government are not aware.

MR. K. R. ELANKATH (*Trivandrum IV—General*) : ഈ പറഞ്ഞ മരുന്നുകളല്ലാതെ മറ്റു മരുന്നുകളും പ്രത്യേകമായി വാങ്ങിച്ചുകൊണ്ടു വരാൻ ഡാക്ടറന്മാർ ആവശ്യപ്പെടുന്നതെന്നുള്ള വിവരം അറിയാമോ ?

HON'BLE MR. G. RAMACHANDRAN : അറിവില്ല.

MR. PRESIDENT : ചോദ്യം ചോദിച്ചിരിക്കുന്ന ആൾക്കു ഉപചോദ്യം ചോദിക്കാനുണ്ടെങ്കിൽ അതുകഴിഞ്ഞിട്ടേ മറ്റുള്ളവർക്ക് ചോദ്യങ്ങൾ ചോദിക്കാൻ അവകാശമുള്ളൂ.

MR. K. A. MOHAMED (*Quilon IV—Muslim*) : ആ മെമ്പർ ആദ്യമായി ചോദ്യങ്ങൾ ചോദിക്കാതിരിക്കുകയാണെങ്കിൽ പിന്നെ ആ മെമ്പർക്ക് ചോദിക്കാമോ ?

MR. PRESIDENT : ചോദിക്കാം.

LIBRARY ARCHIVES Kerala Legislative Assembly